**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5059** **11-08-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ വില്ലേജ് നോളജ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ വരുന്ന മുഴുവൻ കുടുംബങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്രസാമൂഹ്യസുരക്ഷാ പദ്ധതിയായ സമൃദ്ധിക്കും വരൾച്ച, പരിസ്ഥിതിനാശം, സമഗ്രവും ശാസ്ത്രീയവും ജനപങ്കാളിത്തത്തോടും കൂടിയ മണ്ണ് ജൈവ സംരക്ഷണം, നീർത്തടസംരക്ഷണം എന്നിവ ലക്ഷ്യമിട്ടുമുള്ള നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെയും പ്രവർത്തനങ്ങൾക്കാവശ്യമുള്ള വിവര-വിജ്ഞാന വ്യാപനത്തിനായി തദ്ദേശഭരണസ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന ഒരു സ്ഥിരം സംവിധാനമായ വില്ലേജ് നോളജ് സെന്റർ നിലവിൽ എവിടെയെല്ലാം ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 07.03.2018 ലെ സ.ഉ(സാധാ) നം.55/2018/ ഇ&ഐറ്റിഡി പ്രകാരം കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂർ, ചപ്പാരപടവ്, മയ്യിൽ, കൊളച്ചേരി, കുറ്റിയാട്ടൂർ, പരിയാരം, മലപ്പട്ടം ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി, ധർമ്മടം, വെങ്ങാട്, പെരളശ്ശേരി, അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, മുഴപ്പിലങ്ങാട്, എന്നീ ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് നോളജ് സെന്ററുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സമാനമായ രീതിയിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ വില്ലേജ് നോളജ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; ഇതിനായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല. സർക്കാർ തലത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ